പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2688  06.11.2019-ൽ മറുപടിക്ക്

## വിദ്യാർത്ഥികളിൽ നിയമാവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | ശ്രീ. എ.കെ. ബാലൻ (ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സംസ്ഥാനത്തെ സ്കൂൾ കോളേജ് വിദ്യാർത്ഥി കളിൽ നിയമാവബോധം സൃഷ്ടിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നിയമ വകുപ്പ് നടപ്പിലാക്കി വരുന്നത്; വിശദ വിവരം അറിയിക്കുമോ; | നിയമവകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനും വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. വിദ്യാർത്ഥികളിൽ നിയമാവബോധം വർദ്ധിപ്പി- ക്കുന്നതിനായി സ്കൂൾ കുട്ടികൾക്കും കോളേജ് വിദ്യാർത്ഥികൾക്കും നിയമപാഠം എന്ന പേരിലും സി.ബി.എസ്. സി വിദ്യാർത്ഥികൾക്ക് 'Lessons in Law' എന്ന പേരിലും 3 പുസ്തകങ്ങൾ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റി പ്രസിദ്ധീകരിച്ച് വിദ്യാർത്ഥികൾക്ക് നൽകി വരുന്നുണ്ട്. സ്കൂൾതലത്തിലും, താലൂക്ക് തലത്തിലും, ജില്ലാ സംസ്ഥാന തലത്തിലും നിയമപാഠ പുസ്തകത്തെ ആസ്പദമാക്കി Higher Secondary വിദ്യാർത്ഥികൾക്കായി Quiz competition നടത്തിവരുന്നുണ്ട്. എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെയും സാമൂഹ്യപാഠ അദ്ധ്യാപകർക്ക് നിയമപാഠ പുസ്തകത്തെ ആസ്പദമാക്കി പരിശീലനം കൊടുത്ത് അവരെക്കൊണ്ട് കുട്ടികൾക്ക് ക്ലാസ്സുകൾ നൽകി വർഷാവസാനം പരീക്ഷകൾ നടത്തുന്നുമുണ്ട്. |

| | | |
|---|---|---|
| | | ഇവ കൂടാതെ 400 ൽപരം സ്കൂളുകളിൽ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ Legal Literacy Club കളും പ്രവർത്തിച്ചു വരുന്നു.<br><br>കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മനുഷ്യാവകാശ ക്ലബ്ബുകൾ രൂപീകരിക്കുക, കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 25 സ്കൂളുകളിലും 25കോളേജുകളിലും മനുഷ്യാവകാശ സംരക്ഷണ നിയമങ്ങളെപ്പറ്റിയുള്ള ബോധവത്കരണ സെമിനാറുകൾ നടത്തുക, പിന്നാക്കവസ്ഥയിലുള്ള പഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെടുന്ന 25 സ്കൂളുകളിൽ സെമിനാറുകൾ നടത്തുക എന്നിവ സംബന്ധിച്ച കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശ നടപ്പിൽ വരുത്തുന്ന കാര്യം വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. |
| (ബി) | കൂടുതൽ നിയമ പാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; | നിയമ പാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിച്ചു വരികയാണ്. |
| (സി) | വിദ്യാർത്ഥികളിൽ ഉയർന്ന നിയമബോധം സൃഷ്ടിക്കുന്നതിന് കൂടുതൽ നൂതനമായ പദ്ധതികൾ നടപ്പിലാക്കുമോ; | വിദ്യാർത്ഥികളിൽ നിയമ ബോധം സൃഷ്ടിക്കുന്നതിന് കൂടുതൽ നൂതനമായ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (ഡി) | വിദ്യാർത്ഥികളിലെ പാർലമെന്ററി ജനാധി - പത്യാവബോധം വളർത്തുന്നതിന് കൂടുതൽ കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കുമോ; ഭരണ ഘടനാ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുമോ; വിശദ വിവരം അറിയിക്കുമോ ? | ഭരണഘടനയുടെ പ്രസക്ത ഭാഗങ്ങൾ സ്കൂൾ നിയമപാഠത്തിൽ ഇപ്പോൾ തന്നെ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളിൽ പാർലമെന്ററി ജനാധിപത്യ അവബോധം വളർത്തുന്നതിന് പാർലമെന്ററികാര്യ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളിൽ സെമിനാർ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ നടത്തിവരുന്നു. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട കോളേജുകളിൽ മോഡൽ |

| | | |
|---|---|---|
| | | പാർലമെന്റ്, സെമിനാർ, എന്നിവയും സംഘടിപ്പിച്ചുവരുന്നു. മോഡൽ പാർലമെന്റിൽ, സംസ്ഥാന തലത്തിൽ ജേതാക്കളാകുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്റ് സന്ദർശന പരിപാടിയും സംഘടിപ്പിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ